മാധ്യമം

01 October 2019

# തണ്ണീർത്തട സംരക്ഷണത്തിന് മൊബൈൽ ആപ്പ്



**കൊച്ചി:** രാജ്യത്തെ തീരദേശ തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സമ്പൂർണ വിവരങ്ങൾ മൊബൈൽ ആപ്പ് ഉപയോഗിച്ച് ശേഖരിക്കും. നശിച്ചുകൊണ്ടിരിക്കുന്ന ചെറിയ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) നിർദേശപ്രകാരം ഐ.എസ്.ആർ.ഒയുടെ കീഴിലെ അഹ്മദാബാദിലെ സ്പേസ് അപ്ലിക്കേഷൻസ് സെന്ററാണ് (സാക്) മൊബൈൽ ആപ്പ് വികസിപ്പിച്ചത്.

2.25 ഹെക്ടറിൽ താഴെയുള്ള തണ്ണീർത്തടങ്ങളുടെ വിവരങ്ങളാണ് ആപ്പ് വഴി ശേഖരിക്കുക. കേരളത്തിൽ മാത്രം ഈ ഗണത്തിൽപെടുന്ന 2592 തണ്ണീർത്തടങ്ങളുണ്ട്. തണ്ണീർത്തടങ്ങളുടെ ജല-മണ്ണ് ഗുണനിലവാരം, മലിനീകരണസ്വഭാവം, വളർത്തുമത്സ്യയിനങ്ങൾ, വിസ്തൃതി, മത്സ്യകൃഷി സാധ്യതകൾ, അനധികൃത നിർമാണ പ്രവർത്തനങ്ങൾ, മറ്റു ജൈവവൈവിധ്യ സവിശേഷതകൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ശേഖരിക്കുന്നത്. സി.എം.എഫ്.ആർ.ഐയിൽ പ്രവർത്തിക്കുന്ന നാഷനൽ ഇന്നവേഷൻസ് ഇൻ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾച്ചറിന്റെ (നിക്ര) കീഴിലാണ് പദ്ധതി.

ഗവേഷകർ, കർഷകർ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവർ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ ഗവേഷണസ്ഥാപനങ്ങളിലെ വിദഗ്ധർ ശരിയെന്ന് ഉറപ്പുവരുത്തിയശേഷം ഡാറ്റ ബേസിൽ സൂക്ഷിക്കും. കാലാവസ്ഥ വ്യതിയാനത്തെ തുടർന്നുണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളിൽ തണ്ണീർത്തടങ്ങളുടെ സമ്പൂർണ ഡിജിറ്റൽ വിവരങ്ങൾ പല രീതിയിലും പ്രയോജനകരമാകുമെന്ന് മൊബൈൽ ആപ്പ് പുറത്തിറക്കവെ സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. മൊബൈൽ ആപ്പ് ഉപയോഗിച്ചുള്ള വിവരശേഖരണത്തിനും തിങ്കളാഴ്ച തുടക്കമിട്ടു. പുതുവൈപ്പിലെ കണ്ടൽവന-തണ്ണീർത്തടങ്ങളിൽനിന്ന് ഗവേഷകർ വിവരങ്ങൾ ശേഖരിച്ചു.

*പുതുതായി വികസിപ്പിച്ച മൊബൈൽ ആപ്പ് ഉപയോഗിച്ച് ഗവേഷകർ പുതുവൈപ്പിലെ തണ്ണീർത്തടത്തിന്റെ വിവരങ്ങൾ ശേഖരിക്കുന്നു*